<u>**15 -ാം കേരള നിയമസഭ**</u>

<u>**8 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5556**</u> <u>**15-03-2023 - ൽ മറുപടിയ്ക്ക്**</u>

<u>**കാസർഗോഡ് ജില്ലയിലെ കേരള സ്റ്റേറ്റ് മൈനോറിറ്റി ഡെവലപ്മെൻറ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ ഓഫീസ്**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കേരള സ്റ്റേറ്റ് മൈനോറിറ്റി ഡെവലപ്മെൻറ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കാസർഗോഡ് ഓഫീസ് എവിടെയാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | **ചെർക്കളയിലെ ബസ് സ്റ്റാൻഡ് ബിൽഡിംഗിലെ ഗ്രൗണ്ട് ഫ്ളോറിലാണ് കേരള സ്റ്റേറ്റ് മൈനോറിറ്റി ഡെവലപ്മെൻറ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കാസർഗോഡ് ഓഫീസ് പ്രവർത്തിക്കുന്നത്.** |
| (ബി) | എത്രകാലമായി പ്രസ്തുത ഓഫീസ് കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്നുവെന്നും ആയത് സ്വന്തം കെട്ടിടത്തിലാണോ വാടക കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | **പ്രസ്തുത ഓഫീസ്** 7 വർഷമായി വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത്. |
| (സി) | വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിൽ എത്ര രൂപയാണ് വാടക നൽകുന്നതെന്നും ഇതുവരെ വാടകയിനത്തിൽ നൽകിയ തുക എത്രയെന്നും വ്യക്തമാക്കാമോ; | (സി) | മാസ വാടക 10,000/- രൂപയാണ്. ഇതുവരെ 8,40,000/- രൂപ വാടകയിനത്തിൽ നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഓഫീസിലെ തസ്തികകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; ഏതെങ്കിലും തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടോയെന്നും എങ്കിൽ എത്രകാലമായി ഒഴിഞ്ഞു കിടക്കുന്നുവെന്നും വ്യക്തമാക്കാമോ; | (ഡി) | ഡെപ്യൂട്ടി മാനേജർ, ക്ലർക്ക്, ഓഫീസ് അററൻഡൻറ് എന്നീ തസ്തകകളാണുള്ളത്. ടി തസ്തികകളൊന്നും ഒഴിഞ്ഞു കിടക്കുന്നില്ല. |
| (ഇ) | പ്രസ്തുത ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലത്ത് നിന്ന് മാറ്റി സ്ഥാപിക്കാൻ ആലോചനയുണ്ടോ; അറിയിക്കുമോ; | (ഇ) | ഗുണഭോക്താക്കൾക്ക് കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് മെച്ചപ്പെട്ട സൗകര്യങ്ങളോട് കൂടി പ്രസ്തുത ഓഫീസ് മാററി സ്ഥാപിക്കുന്ന കാര്യം കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ പരിശോധിച്ച് വരികയാണ്. തീരുമാനമായിട്ടില്ല. |
| (എഫ്) | എങ്കിൽ ഏത് പ്രദേശത്തുള്ള ഏത് കെട്ടിടത്തിലേക്കാണ് മാറ്റാൻ ഉദ്ദേശിക്കുന്നതെന്നും ഇത്തരത്തിൽ ആലോചിക്കാൻ കാരണമെന്താണെന്നും വ്യക്തമാക്കാമോ? | (എഫ്) | ഗുണഭോക്താക്കൾക്ക് കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് മെച്ചപ്പെട്ട സൗകര്യങ്ങളോട് കൂടി പ്രസ്തുത ഓഫീസ് മാററി സ്ഥാപിക്കുന്ന കാര്യം കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ |

| | | | |
|---|---|---|---|
| | | | കോർപ്പറേഷൻ പരിശോധിച്ച് വരികയാണ്. തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ